## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: T 168 — 03/05/2017-ൽ മറുപടിക്ക്

## തീരദേശനിയന്ത്രണ മേഖല

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ. പ്രദീപ്കുമാർ<br>,, എം. സ്വരാജ്<br>,, എ.എം. ആരിഫ്<br>,, കെ.കുഞ്ഞിരാമൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തീരദേശ മേഖലയിലെ ഉയർന്ന ജനസാന്ദ്രത കണക്കിലെടുത്ത്, ഈ മേഖലയിലെ വികസന നിരോധിത മേഖലയുടെ പരിധിയ്ക്ക് ഇളവ് നൽകണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | സംസ്ഥാന സർക്കാരിന്റെ ഈ ആവശ്യം പരിഗണിക്കുന്നതിന് കേന്ദ്ര സർക്കാർ നിയോഗിച്ച ഡോ. ശൈലേഷ് നായിക് കമ്മിറ്റിയുടെ ശുപാർശകൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | കായലുകളും അഴിമുഖങ്ങളും ഏറെയുള്ള സംസ്ഥാനത്ത്, അശാസ്ത്രീയ നിയന്ത്രണങ്ങൾ കാരണം തീരദേശവാസികൾക്ക് വീട് പണിയുന്നതിനും പുതുക്കിപ്പണിയുന്നതിനും അനുമതി ലഭിക്കാത്തത് ആയിരക്കണക്കിന് കുടുംബങ്ങളെ പ്രതിസന്ധിയിലാക്കിയിരിക്കുന്നത് പരിഹരിക്കാനായി കേന്ദ്രസർക്കാർ ഇടപെടാൻ തയ്യാറായിട്ടുണ്ടോ; വ്യക്തമാക്കുമോ; | | |
| (സി) | സ്ഥലലഭ്യത തീരെ കുറഞ്ഞ തീരദേശമേഖലയിൽ നിയന്ത്രണം ഏർപ്പെടുത്തിയതിനെത്തുടർന്ന് പ്രതിസന്ധിയിലായവരെ പുനരധിവസിപ്പിക്കാൻ കേന്ദ്ര സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിരുന്നോ; ഈ മേഖലയുടെ സമഗ്ര | (സി) | കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചതായി അറിവില്ല. എന്നാൽ സംസ്ഥാന സർക്കാർ ഈ മേഖലയുടെ വികസനം ലക്ഷ്യമിട്ട് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. |

| | | | |
|---|---|---|---|
| | വികസനത്തിനായി സംസ്ഥാന സർക്കാർ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ അറിയിക്കുമോ? | | തീരദേശത്തെ ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് സമ്പൂർണ്ണ ഭവനം ലക്ഷ്യമിട്ടുള്ള പദ്ധതികളും ഭൂരഹിത ഭവന രഹിതരായവർക്ക് ഭൂമി കണ്ടെത്തി ഭവനം നിർമ്മിക്കുന്നതിനുള്ള പദ്ധതിയും, തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരിൽ സുരക്ഷിത സ്ഥാനങ്ങളിലേയ്ക്ക് മാറി താമസിക്കുന്നതിന് അർഹരായവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികളും, കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്ന പദ്ധതികളും നടപ്പിലാക്കുന്നു. പുറമെ തീരദേശത്തെ അടിസ്ഥാന സൗകര്യ വികസനത്തിനുതകുന്ന പദ്ധതികളും മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു. കൂടാതെ GCF (ഗ്രീൻ ക്ലൈമറ്റ് ഫണ്ട്) പ്രയോജനപ്പെടുത്തി തീരദേശത്തെ സമഗ്ര വികസനവും പുനരധിവാസവും തീരവനവൽക്കരണവും ജീവനോപാധികളും നടപ്പാക്കുന്നതിന് ലക്ഷ്യമിടുന്ന 12457 കോടി രൂപയുടെ പദ്ധതിയും GCF (ഗ്രീൻ ക്ലൈമറ്റ് ഫണ്ട്) ഗ്രാന്റിന് സമർപ്പിക്കുന്നതിനായി തയ്യാറാക്കി സ്റ്റേറ്റ് ലെവൽ സ്റ്റിയറിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ